## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1534 — 21/01/2014-ലെ മറുപടിക്ക്

## ക്ഷീരകർഷക ക്ഷേമനിധി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം. ചന്ദ്രൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്ന് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ അംഗങ്ങൾക്ക് നൽകിവരുന്നത് ; | (എ) | ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ, കുടുംബ പെൻഷൻ, വിവാഹധന സഹായം, മരണാനന്തര ധനസഹായം , അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം ,ജില്ലയിലെ മികച്ച ക്ഷീരകർഷകന് അവാർഡ് എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ ക്ഷേമനിധി അംഗങ്ങൾക്ക് ചികിൽസാ ധനസഹായം, അപകടമരണ ധനസഹായം എന്നിവ നൽകുന്ന സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിയായ 'ക്ഷീര സുരക്ഷ' യും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) വിവാഹ ധനസഹായം ,മരണാനന്തര ധനസഹായം എന്നീ ഇനത്തിൽ എത്ര രൂപ വീതമാണ് അനുവദിക്കുന്നത് ; | (ബി) | വിവാഹ ധനസഹായം, മരണാനന്തര ധനസഹായം എന്നീ ഇനങ്ങളിൽ **1000** രൂപ വീതമാണ് അനുവദിച്ചുവരുന്നത് . |
| (സി) ഇവ കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; | (സി) | വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| ഡി ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്ന് ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ? | (ഡി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ നിന്നും 3230 ക്ഷീരകർഷകർ ക്ഷേനിധിയിൽ അംഗങ്ങളായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**